(സി) ഇപ്രകാരം, പര്യാപ്തമായ തുകയില്ലാത്തതിനാൽ ഐ.എ.വൈ. പദ്ധതിയിൽനിന്നും, അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ പട്ടികജാതി വകുപ്പിൽനിന്നും പട്ടികജാതി വിഭാഗക്കാർക്ക് വീട് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ധനസഹായം 2 ലക്ഷത്തിൽനിന്ന് 3 ലക്ഷമായി വർദ്ധിപ്പിക്കുന്നതിന് ഗ്രാമ വികസന വകുപ്പുമായി പട്ടികജാതി വകുപ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ച നടത്തി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പ് ഓരോ വർഷവും നിശ്ചയിക്കുന്ന ഭൗതിക ലക്ഷ്യത്തിനനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽനിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്താണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായത്തിന്റെ നിരക്ക് 3 ലക്ഷമായി ഉയർത്തിയതിനാൽ ഐ.എ.വൈ. പദ്ധതിക്ക് അപേക്ഷകരുടെ എണ്ണം കുറയുന്ന പ്രശ്നം തദ്ദേശസ്വയം ഭരണ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്.

മാതൃകാ പട്ടികജാതി കോളനി നവീകരണ പദ്ധതി

253 (4539) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ പട്ടികജാതി കോളനി നവീകരണ പദ്ധതിയിൽ എത്ര കോളനികളാണ് നവീകരിച്ചിട്ടുള്ളത്; എന്ത് മാനദണ്ഡ പ്രകാരമാണ് ഇതിനായി കോളനികളെ തെരെഞ്ഞെടുക്കുന്നത്;

(ബി) അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ള കോളനികളെ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; മാതൃകാ കോളനി നവീകരണത്തിന് അടുത്ത സാമ്പത്തിക വർഷം എത്ര കോളനികളെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സ്വയം പര്യാപ്ത ഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിനായി 2012-13-ൽ 113 കോളനികളെയും 2013-14-ൽ 103 കോളനികളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 'കില'യുടെ സർവ്വേ റിപ്പോർട്ട് പ്രകാരം അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളിൽനിന്നും വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത കോളനികളെയാണ് സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) സ്വീകരിക്കുന്നതാണ്. കിലയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കോളനികളെയാണ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. അടുത്ത സാമ്പത്തിക വർഷം എത്ര കോളനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കാര്യം പരിശോധിച്ചുവരുന്നു.

നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള സ്വയംതൊഴിൽ പദ്ധതി

254 (4540) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly